(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) പരിശോധിച്ചുവരുന്നു.

ഓവർഡ്രാഫ്റ്റ്

33 [212] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളിൽ ഇപ്പോൾ ഓവർഡ്രാഫ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഓവർഡ്രാഫ്റ്റിന്റെ പരിധി എത്രയെന്ന് വെളിപ്പെടുത്തുമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓവർഡ്രാഫ്റ്റിന്റെ പരിധി മറികടന്നിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഓവർഡ്രാഫ്റ്റിന് പരിധിയില്ല. എന്നാൽ ഓവർഡ്രാഫ്റ്റ് ആകാവുന്ന ദിവസങ്ങൾക്ക് പരിധിയുണ്ട്.

അനധികൃത ഭാഗ്യക്കുറി വിൽപ്പന

34 [213] *ശ്രീ. ഷിബു ബേബി ജോൺ:*
" *ആർ. ബാലകൃഷ്ണപിള്ള:*
" *കെ. ബി. ഗണേഷ് കുമാർ:*
" *ജോണി നെല്ലൂർ:*
" *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി പുനഃസംഘടിപ്പിച്ചതിന് ശേഷം ടാക്സ് അടയ്ക്കാതെ അന്യ സംസ്ഥാന ലോട്ടറികൾ വിപണിയിൽ എത്തിയതായി മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിപണിയിൽ അടക്കം എത്ര തുക സർക്കാർ പിരിച്ചെടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly